No. CEE/1155/ B.Des-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം 2021
## കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2021-22 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2021 ഒക്ടോബർ 16–ാം തീയതി മുതൽ ഒക്ടോബർ 20–ാം തീയതി വൈകിട്ട് 04.00 മണി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ **' B.Des 2021 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോ, ഡേറ്റാ ഷീറ്റ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ തുടങ്ങിയവ സഹിതം **28.10.2021, വൈകുന്നേരം 4 മണിയ്ക്ക് മുമ്പായി** ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ഫീസ് അതാത് കോളേജുകളിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **28.10.2021 വൈകുന്നേരം 5.00** മണിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല.

നിർദ്ദിഷ്ട തീയതിയ്ക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതും ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ ആയതിലേക്ക് പരിഗണിക്കുന്നതുമല്ല. തുടർന്ന് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്‌ലൈൻ നമ്പർ: 0471- 2525300**

തിരുവനന്തപുരം
23.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**